## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 688 — 24/01/2018-ൽ മറുപടിക്ക്

## വൈദ്യുതി തൂണുകൾ മാറ്റുന്നതിന് സമയബന്ധിതമായ നടപടി

| | ചോദ്യം<br><br>ശ്രീ.എം. രാജഗോപാലൻ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പ് വീതി കൂട്ടി ടാർ ചെയ്ത ഗതാഗത യോഗ്യമാക്കുന്ന റോഡുകളിൽ ഉള്ള വൈദ്യുതി തൂണുകൾ മാറ്റുന്നതിന് ആവശ്യമായ തുക അടച്ചിട്ടും ഇതു മാറ്റി നൽകാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക അടച്ചതിനു ശേഷം അതിനു വേണ്ട സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിന് നേരിയ കാലതാമസം ഉണ്ടാകുന്നതിനാലും, വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം നിജപ്പെടുത്താത്ത ഇടങ്ങളിലും, അവ മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വരുന്ന കാലതാമസം പരമാവധി ഒഴിവാക്കാൻ കെ.എസ്.ഇ. ബി.എൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ